Syro Malabar Commission for Liturgy



# നോമ്പ് അഞ്ചാം ചൊവ്വ

അപരന് ഏല്പിക്കുന്ന അതേ സഹനം താനും അനുഭവിക്കേണ്ടിവരും എന്ന ഭയത്താൽ മറ്റുള്ളവരെ ഉപദ്രവിക്കുന്നതിൽ നിന്നും മാറിനില്ക്കാനും അതു വഴി അടിസ്ഥാന സമാധാനം സമൂഹത്തിൽ നിലനിർത്താനും വേണ്ടിയാണ് പഴയ നിയമത്തിൽ "കണ്ണിനു പകരം കണ്ണ്, പല്ലിനു പകരം പല്ല്..." (പുറ 21:24), എന്ന നിയമം അനുവദിച്ചത്. എന്നാൽ സമാധാനം ഉണ്ടാകാനും അത് സമൃദ്ധമായി ഉണ്ടാകാനുമായി ലോകത്തിലേക്ക് വന്ന ഈശോതമ്പുരാൻ ഈ അടിസ്ഥാന സമാധാനത്തോടുകൂടെ കരുണകൂടി കൂട്ടിചേർക്കുകയാണ്. "ഞാൻ പറഞ്ഞത് തെറ്റാണെങ്കിൽ അത് തെളിയിക്കുക. ശരിയാണ് പറഞ്ഞതെങ്കിൽ എന്തിന് നീയെന്നെ അടിക്കുന്നു"(യോഹ 18:23) എന്ന് ഈശോ ചോദിച്ചെങ്കിലും മനുഷ്യകുലത്തിന്റെ രക്ഷയ്ക്കായി അടിയേൽക്കാൻ മാത്രമല്ല, തന്റെ ശരീരം കുരിശിൽ തറക്കപ്പെടാനായി വിട്ടുകൊടുക്കാനും ഈശോ തയ്യാറായിരുന്നു(ഹിപ്പോയിലെ വി.അഗസ്റ്റിൻ). ഇപ്രകാരം ദ്രോഹിക്കപ്പെടുമ്പോൾ അത്ചെയ്യുന്നത് നമ്മുടെ സഹോദരനല്ല, അവനിൽ വസിക്കുന്ന തിന്മയാണ് എന്ന് മനസ്സിലാക്കി സ്വയം ശാന്തമാകാൻ, എതിരാളിയോട് കരുണകാണിക്കാൻ നമുക്കുമായാൽ നാമും ദാവീദു രാജാവിനെപ്പോലെ ദൈവഹൃദയത്തിനിണങ്ങിയവരാകും. അനേകരെ അവന്റെ ഹൃദയത്തിലേക്കടുപ്പിക്കാനുമാകും.

തയ്യാറാക്കിയത്, ഫാ.തോമസ് പൊട്ടംപറമ്പിൽ MCBS

സീറോ മലബാർ ആരാധന ക്രമകമ്മീഷൻ
മൗണ്ട് സെന്റ് തോമസ്, കാക്കനാട്

29-03-2022

Read more: wwwsyromalabarliturgy.org